LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ പദ്ധതി/പദ്ധതി ഇതര ചെലവുകൾക്ക് വകയിരുത്തപ്പെട്ട തുക

98 (104) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 മുതൽ 2015-16 വരെയുള്ള ഓരോ വർഷവും ബഡ്ജറ്റിൽ പദ്ധതി/പദ്ധതി ഇതര ചെലവുകൾക്ക് മൊത്തം വകയിരുത്തപ്പെട്ട തുകയും അതിൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം പിൻവലിക്കപ്പെട്ട യഥാർത്ഥ ചെലവും മൊത്തം എത്രയാണെന്നും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ ചെലവായിട്ടുണ്ടെന്നും വിശദമാക്കാമാമോ ;

(ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, പദ്ധതിയുടെ എത്ര ശതമാനം വീതം നീക്കിവച്ചിട്ടുണ്ടായിരുന്നു; ഓരോ വർഷവും നീക്കിവക്കപ്പെട്ട തുകയുടെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ പിൻവലിക്കപ്പെടുകയുണ്ടായിട്ടുണ്ട് ; അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ) 2011-12 മുതൽ 2015-16 വരെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി/ പദ്ധതിയേതര ചെലവുകൾക്കും ഓരോവർഷവും വകയിരുത്തപ്പെട്ട തുകയുടെയും അതിൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം പിൻവലിക്കപ്പെട്ട യഥാർത്ഥ ചെലവുകളുടെയും എത്ര ശതമാനം തുക യഥാർത്ഥത്തിൽ ചെലവായിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2011-12 മുതൽ 2015-16 സാമ്പത്തിക വർഷം വരെ സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി അടങ്കലിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുകയുടെ ശതമാനം അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച തുകയുടെ ശതമാനം എന്നിവ താഴെപ്പറയും പ്രകാരമാണ്:

സാമ്പത്തിക വർഷം	മൊത്തം പദ്ധതി അടങ്കലിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുകയുടെ	ചെലവഴിച്ച തുകയുടെ ശതമാനം (ബഡ്ജറ്റ് വിഹിതത്തിന്റെയും ഉപധനാഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ)

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

	ശതമാനം	
2011-12	22.90 %	91.52%
2012-13	23.04 %	90.41%
2013-14	25.53%	88.42%
2014-15	23.50%	98.40%
2015-16	24%	10.37%*

(*AG യുടെ 30-9-2015 വരെയുള്ള താത്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ)

സർക്കാർ മേഖലയിലെ പുതിയ പെൻഷൻ സ്കീം

99 (105) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പെൻഷൻ സ്കീം അനുസരിച്ച് സർക്കാർ മേഖലയിൽ വിവിധ വകുപ്പുകളിൽ എത്ര ജീവനക്കാരാണ് സർക്കാർ സർവ്വീസിൽ നിയമനം ലഭ്യമായിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) തസ്തികകൾ തിരിച്ച് വ്യക്തമാക്കാമോ ;

(സി) ജീവനക്കാരുടെ വിഹിതമായി എത്ര രൂപയാണ് ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുള്ളത്; സർക്കാർ എത്ര രൂകയാണ് ഇതുവരെ നിക്ഷേപിച്ചിട്ടുള്ളത് ; ഏത് ധനകാര്യ സ്ഥാപനത്തിലാണ് നിക്ഷേപം നടത്തിയത് വിശദമാക്കാമോ ;

(ഡി) പുതിയ പെൻഷൻ സ്കീം ജീവനക്കാർക്ക് എത്രപേർക്ക് പ്രാൺ നമ്പർ നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 26-11-2005-ൽ ലഭ്യമായ സ്പാർക്ക് ഡാറ്റ പ്രകാരം സർക്കാർ സർവ്വീസിൽ വിവിധ വകുപ്പുകളിൽ നിയമനം ലഭിച്ച ജീവനക്കാരിൽ 26,641 പേർ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) തസ്തികകൾ തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly